# ചില പള്ളിക്കാര്യങ്ങൾ

## മീനു എലിസബത്ത്

ഇരുപത്തിആറ് വർഷങ്ങൾക്ക് മുമ്പ്, കോട്ടയത്തിനടുത്തുള്ള പള്ളം എന്ന ചെറിയ ഗ്രാമത്തിന്റെ പച്ചപ്പിൽനിന്നും അമേരിക്കയിലെ ഏറ്റവും വലിയ സംസ്ഥാനമായ ടെക്സാസിലെ, ഡാലസ് എന്ന മെട്രോ പൊളിട്ടൻ സിറ്റിയിലേക്കുള്ള പറിച്ചുനടൽ എന്നിൽ വലിയൊരു അനുഭവമാണ് സൃഷ്ടിച്ചത്. ഭൂമിയെവിട്ടുള്ള ആ പറന്നെത്തലും, മറ്റൊരു മണ്ണിലേക്ക് കാലുകുത്തിയതും കുറേ നാളുകളിലേക്ക് എന്നെ അകാരണമായി അസ്വസ്ഥമാക്കിയിരുന്നു. എന്നാൽ വർഷങ്ങളോളം മനസ്സിൽ കൊണ്ട് നടന്നിരുന്ന ആഗ്രഹമായിരുന്നു അമേരിക്ക. ഭൂപടത്തിൽ മാത്രം കണ്ട ആ ചിത്രത്തിന്റെ ഗന്ധം പെട്ടെന്നു തന്നെ എന്നെ പുതിയൊരാളാക്കി മാറ്റുകയും ചെയ്തു. അമേരിക്കയിലുണ്ടായിരുന്ന അമ്മയുടെ കുടുംബക്കാരെ വീണ്ടും കണ്ടതിന്റെ സന്തോഷം ഒരു ഭാഗത്ത്. ജനിച്ച നാടും, അപ്പന്റെ വീട്ടുകാരെല്ലാവരെയും വിട്ടു പോരേണ്ടി വന്ന വേദന മറുഭാഗത്ത്. എങ്കിലും കാത്തു കാത്തിരുന്നു അമേരിക്കയിൽ വന്നതിന്റെ ആഹ്ലാദം ഉള്ളിലുണ്ടുതാനും.

പക്ഷെ, ആദ്യമായി ഡാലസ്സിലെ മലയാളി പള്ളിയിൽ കുർബാനക്ക് പോയപ്പോൾ എനിക്ക് ആകെ കൂടെ ഒരങ്കലാപ്പ് അനുഭവപ്പെട്ടു. അതൊരു സാധാരണ കുർബാന ദിവസം തന്നെയാണോ എന്ന് ഞാൻ സംശയിച്ചു. ഒന്നുകിൽ പള്ളിപ്പെരുന്നാളായിരിക്കും. അല്ലെങ്കിൽ അന്നവിടെ വല്ല കല്യാണവും നടക്കുന്നുണ്ടാവും. ഞാൻ സൂക്ഷ്മതയോടെ എന്റെ കണ്ണുകളെ ചുറ്റുപാടുകളിലേക്ക് പറഞ്ഞുവിട്ടു. മിക്ക സ്ത്രീകളും, നാട്ടിൽ കല്യാണത്തിന് വരുന്നത് പോലെ, രണ്ടു മൂന്നു മാലകളും, മണവാട്ടിമാരെപോലെ കൈ നിറയെ സ്വർണവളകളും, വലിയ പാളക്കസവുള്ള ഇമിറ്റേഷൻ കാഞ്ചിപുരം സാരികളും ചുറ്റി, അലങ്കരിച്ച ക്രിസ്തുമസ് ട്രീകൾ പോലെ അണിഞ്ഞൊരുങ്ങിയാണ് നിൽപ്പ്. മിക്കവാറും ആണുങ്ങളും ചെറിയ ആൺകുട്ടികളിൽ പകുതിപ്പേരും ത്രീപീസ് സൂട്ടിലാണ്. മിക്കവരുടെയും കൈയിൽ ആനച്ചങ്ങല പോലെയുള്ള സ്വർണബ്രേസിലേറ്റുകളും. ആൺപിള്ളേരുടെ മാലകൾ കൊച്ചു സൂട്ടിനു മുകളിൽ കൂടെ തന്നെ കാണാം. എന്റെ

പ്രായമുള്ള പെൺകുട്ടികൾ എല്ലാം തന്നെ, അന്നത്തെ സ്റ്റൈലിൽ ഉള്ള പളപളപ്പൻ ഉടുപ്പുകളും മിന്നുന്ന ചുരിദാറുകളും ആണ് വേഷം. എന്റെ നീളൻ പുള്ളിപ്പാവാടയിലും വെള്ളബ്ലൗസിലും എന്നിലെ കൗമാരക്കാരി ചൂളിപ്പോയില്ല എന്ന് പറഞ്ഞാൽ അത് കള്ളമാണ്. എന്റെ അമ്മയും ഉടുത്തിരുന്നത്, നാട്ടിൽ അമ്മ പള്ളിയിൽ സാധാരണ ഉടുക്കാറുള്ള, വെള്ള കോട്ടാസാരിയാണ്. അതിലെ കുഞ്ഞുറോസ്പൂക്കളും തത്തപ്പച്ച ഇലകളും അമ്മ തന്നെ തുന്നിചേർത്തതാണ്. ഇംഗ്ലീഷും മലയാളവും ഇടകലർന്ന കുർബാന ശ്രദ്ധിക്കുവാൻ എന്ത് കൊണ്ടോ എനിക്ക് കഴിഞ്ഞില്ല. ഞാൻ വീണ്ടും അടുത്ത് നിൽക്കുന്ന വരിലേക്ക് തന്നെ ശ്രദ്ധ തിരിച്ചു. എങ്ങും ഒരു വർണ്ണപ്രപഞ്ചം. ഞങ്ങളുടെ തൊട്ടുമുന്നിലുള്ള നിരയിലായി ചട്ടയും മുണ്ടും കസവ് കവണിയും ധരിച്ച ചില നാടൻ അമ്മച്ചിമാരെ കണ്ടപ്പോൾ ചെറിയൊരു ആഹ്ലാദം തോന്നി. കുർബാനച്ചൊല്ലുകൾ നാട്ടിലേക്കാൾ നീളമുള്ളതായിരുന്നു. അവസാനം പുതിയതായി വന്നവരെ എഴുന്നേൽപ്പിച്ചു നിർത്തി അച്ചൻ ഇടവകക്കാർക്ക് പരിചയപ്പെടുത്തി കൊടുക്കുമ്പോൾ എന്നിലേക്ക്  ഒരു സങ്കടം കയറിവന്നു . കൊച്ചു കൗമാരമനസല്ലെ. കുറച്ചു കൂടെ നല്ല ഒരു പാവാട ഇട്ടിരുന്നെങ്കിൽ എന്ന് ഞാൻ ആലോചിച്ചോ? പക്ഷെ, നാട്ടിൽ അത്രവർഷം, വളരെ ലളിതമായ വേഷത്തോടെ ആരാധനയിൽ സംബന്ധിച്ചിരുന്ന എനിക്ക് അമേരിക്കൻ മലയാളിപ്പള്ളികളിലെ ഈ ഫാഷൻ പരേഡ് ഇന്നും ഒരു മരീചികയായി തന്നെ ശേഷിക്കുന്നു. ഇവരാരും തന്നെ നാട്ടിലെ പള്ളികളിൽ പോയിട്ടുള്ളവർ അല്ലെ? ഇന്നും ചില മലയാളിപ്പള്ളികളിൽ പോകുമ്പോൾ ആ ചിന്ത വീണ്ടും തലപൊക്കും.

അന്നു പള്ളി കഴിഞ്ഞു പലരും വന്നു ഞങ്ങളെ പരിചയപ്പെട്ടു. നാട്ടിൽ മലയാളം മീഡിയത്തിൽ പഠിച്ചു, ഇംഗ്ലീഷ് ഒരു സെന്റൻസ് പോലും തെറ്റ് കൂടാതെ പറയാൻ അറിയാത്ത എന്നോട് മിക്ക ആന്റിമാരും, അങ്കിളുമാരും കൂടിച്ചേർന്നു കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷ് വാചകങ്ങൾ മേനിക്കൊഴുപ്പോടെ എന്റെ മുന്നിലേക്ക് വാരിയെറിഞ്ഞു. ഞാൻ മലയാളത്തിൽ മറുപടി പറഞ്ഞിട്ട് പോലും അവർ മനപൂർവ്വം മലയാളം സംസാരിക്കുവാൻ മടികാണിച്ചു. എന്റെ പ്രായത്തിലുള്ള കുറച്ചു പെൺകുട്ടികളെ, ആരോ വന്നു എനിക്ക് പരിചയപ്പെടുത്തി. ചിലർ ഞങ്ങളുടെ അകന്ന ബന്ധുക്കളുമാണ്. അവർ പറയുന്ന ഒരു വാചകംപോലും എനിക്ക് മനസിലായില്ല. ഞാൻ ചിരിച്ചുകൊണ്ട് 'യ, യ' എന്ന് പറഞ്ഞു വെറുതെ തലയാട്ടി നിന്നു. ഇന്നും ഞാൻ അങ്ങനെ ഉള്ളവരെ കാണാറുണ്ട്. നമ്മൾ മലയാളത്തിൽ മറുപടി പറഞ്ഞാലും അവർക്ക് ഇംഗ്ലീഷ് പറഞ്ഞില്ലെങ്കിൽ ഒരു വിഷമം പോലെയാണ്. മലയാളം അറിയാൻ വയ്യാത്ത കുട്ടികളോട് അവർ ഇംഗ്ലീഷ് പറയട്ടെ,

എനിക്ക് എങ്ങനെയെങ്കിലും അവിടെ നിന്നുപോന്നാൽ മതിയെ

ന്നായിരുന്നു. അപ്പനും ആങ്ങളക്കും വേഷത്തിന്റെ കാര്യത്തിൽ അത്ര വിഷമം തോന്നിക്കാണില്ല. ത്രീപീസ് സൂട്ടല്ലെങ്കിലും നല്ല പാന്റും ഷർട്ടും ആണ് അവരുടെ വേഷം. എങ്കിലും തിരികെ ഉള്ള യാത്ര യിൽ ആർക്കും മുഖത്തൊരു തെളിച്ചമില്ല. പള്ളത്ത് പള്ളിയിൽ കുർബാന കൂടിയിട്ടു മടങ്ങി വരുന്ന സുഖമുണ്ടായിരുന്നില്ല. അന്നത്തെ ആ പള്ളിയിൽ പോക്കിന്.

തിരിച്ചു വരുന്ന വഴിക്ക് ഞങ്ങളെ പള്ളിയിൽ കൊണ്ടുപോയ, അമ്മ യുടെ ചേച്ചിയുടെ ഭർത്താവിനോട്, അപ്പൻ ചോദിച്ചു. "ഇതെന്നതാ കുഞ്ഞുമോനെ, ഈ പള്ളിലോക്കെ എല്ലാവരും ഇങ്ങനെ വരുന്നെ? ആണുങ്ങളൊക്കെ ഇത്ര സ്വർണം ഇടുമോ, എത്ര മോതിരങ്ങളാ ഓരോ അവന്മാരൊക്കെ ഇട്ടിരിക്കുന്നെ, കയ്യേൽ സ്വർണചങ്ങലകളും. എനിക്കാണേൽ ഈ പാന്റും വലിച്ചു കേറ്റി പള്ളീൽ നിന്നിട്ട് ശ്വാസം മുട്ടുവാരുന്നു...ഈ ചൂടത്തു എങ്ങനെയാണോ ഈ സൂട്ടൊക്കെ ഇടു ന്നെ, പെണ്ണുങ്ങളെല്ലാം കല്യാണത്തിന് ഒരുങ്ങി വരുന്നത് പോലെ.... എല്ലാ ഞായറാഴ്ചയും ഇങ്ങനെ തന്നെയാണോ?

(അമ്മയുടെ ചേച്ചിക്ക് അന്ന് ജോലിയുണ്ടായിരുന്നതിനാൽ അന്ന് ഞങ്ങളോടൊപ്പം പള്ളിയിൽ വന്നിരുന്നില്ല. അല്ലായിരുന്നെങ്കിൽ ഈ വേഷപ്പകർച്ചകളെക്കുറിച്ച് നേരത്തെ അറിയാമായിരുന്നു എന്നു ഞാൻ ഓർത്തു.)

"ഓ ഇവിടെ ഇങ്ങനെ ഒക്കെയാ...തങ്കച്ചാ....സായിപ്പുമാരുടെ പള്ളി ലോക്കെ എല്ലാരും സൂട്ടാ ഇടുന്നെ. അത് കണ്ട്, വന്നപ്പോൾ മുതൽ നമ്മളും അങ്ങനെ ഇടാൻ തുടങ്ങി...പിന്നെ തണുപ്പ് കാലത്ത് സൂട്ടു ഇട്ടു വന്നാൽ വേറെ ജാക്കെറ്റൊന്നും ഇടണ്ട. അങ്ങനെ പരിചയിച്ചു, പിന്നെ ചൂട് വന്നാലും ഇതങ്ങു വലിച്ചുകേറ്റും. ഒന്നോ രണ്ടോ സൂട്ടു ഉണ്ടെങ്കിൽ എത്ര വർഷം വേണേലും ഇടാം. പിന്നെ, പെണ്ണുങ്ങൾക്ക് നാട്ടിന്നു വാങ്ങിച്ചോണ്ട് വരുന്ന ഈ സാരീം സ്വർണമൊക്കെ, ഞാത്തി നടക്കാൻ വേറെ സ്ഥലങ്ങൾ ഒന്നുമില്ലല്ലോ...!

ഇത് നടക്കുന്നത് എൺപതുകളുടെ ആദ്യം ആണ്. കുഞ്ഞുമോ നച്ചായൻ പറഞ്ഞതു ശരിയായിരുന്നു. അന്ന് ഇന്നത്തെപോലെ, അസോസിയേഷനുകളോ, സിനിമ, സീരിയൽ, മിമിക്രിക്കാരുടെ തള്ളി കയറ്റമോ ഒന്നും ഇല്ല. ആണ്ടിലും ചംക്രാന്തിക്കും വല്ല പാട്ടുകാരോ, കവികളോ വന്നെങ്കിലായി. പരിപാടികൾക്ക് പോകുന്നവരും കുറവ്. അസോസിയേഷനുകൾ ഒന്നും ഇത്ര സജീവവുമല്ല. അന്ന് സാധാ രണ മലയാളികൾ അഞ്ചും ആറും വർഷം കൂടിയെ നാട്ടിൽ പോകൂ. പോയി വരുമ്പോൾ സ്ത്രീകൾ അടുത്ത അഞ്ചാറ് വർഷങ്ങളിലേ ക്കുള്ള സാരിയും സ്വർണവും ഒരുമിച്ചു വാങ്ങും. അല്ലെങ്കിൽ ആരെ ങ്കിലും പോകുമ്പോൾ വല്ലതും അത്യാവശ്യം വേണ്ടത് വാങ്ങിപ്പിക്കും. ഇതെല്ലാം കാണിക്കാനുള്ള ഒരു പ്രദർശനശാല അന്ന് പള്ളിയല്ലാ

തെ, വേറെ ഒന്നുമില്ല. അന്നത്തെ, ഹിന്ദുസ്ത്രീകൾ എന്ത് ചെയ്തു വെന്നോ ആവോ? അന്നു അമ്പലങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ലല്ലോ.

ഈ രണ്ടായിരത്തി പന്ത്രണ്ടിലും നമ്മുടെ മലയാളിപ്പള്ളികളിലെ സ്ഥിതി അന്നത്തേതിൽ നിന്നും ഒട്ടും വ്യത്യാസമല്ല. കാലാകാലങ്ങളായി പൊങ്ങച്ചവും മിന്നിത്തിളക്കങ്ങളും പരേഡ് നടത്തുന്നു.

അമേരിക്കയിലെ, എന്റെ ആന്റിമാരെ, ചേച്ചിമാരെ, അനിയത്തിമാരെ, പണ്ടത്തെ കാലം അല്ലല്ലോ, നമുക്ക് വേഷം കെട്ടാൻ...ഇന്ന് എത്രയോ വേദികൾ ഉണ്ട്...നമ്മുടെ, പഴയ പാളക്കസവും പുതിയ ബ്രോക്കെടും, വെൽവെറ്റ് ബോർഡർ വെച്ച റാണി പിങ്കും, ചന്തെരിയും മീനകാരിയും (ഇതെല്ലാം ഞങ്ങൾ പെണ്ണുങ്ങടെ പുതിയ സാരികളുടെ പേരാണ് കേട്ടോ)... ആലുക്കാസിൽ നിന്നും ഭീമയിൽ നിന്നും നമ്മൾ ചുമന്ന് കെട്ടി കൊണ്ട് വരുന്ന ഡിസൈനർ പീസുകളും, എല്ലാം നമുക്ക് മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും സ്റ്റേജ് ഷോകൾ വരുമ്പോൾ ഇടാമല്ലോ. നമ്മുടെ പള്ളികൾ തന്നെ, എത്രയോ അവസരങ്ങൾ അതിനായി നമുക്ക് ഉണ്ടാക്കി തരുന്നു. പുതിയ പള്ളികളുടെ ഫണ്ട് പിരിവിനായി നാട്ടിലെ സീരിയൽ നടിമാരെയും കൊമേഡിയൻമാരെയും മൊത്തമായും ചില്ലറയായും അമേരിക്കൻ മലയാളി പള്ളികൾ സ്പോൺസർ ചെയ്തുകൊണ്ട് വരുകയല്ലെ. ഇത്തിതാനം അസോസിയേഷനുകളും കോട്ടംപാറ അസോസിയേഷനുകളും മത്സരിച്ചു നടത്തുന്ന മിമിക്രി ഷോകൾക്കും ഇടാമല്ലോ  നമ്മുടെ എടുത്താൽ പൊങ്ങാത്ത കസവ് സാരികളും കഴുത്തിറുക്കി മാലകളും, മുത്തുക്കുട കമ്മലുകളും. എന്തൊരു കഷ്ടം! പള്ളിയിലേക്ക് കുറച്ചു ലളിതമായി പോകുന്നതല്ലെ ഒരു ഭംഗി. നമ്മുടെ പാവം പള്ളിലച്ചന്മാർ ഇതേക്കുറിച്ച് ഒന്നും പറയാത്തത്, നമ്മളെ പേടിച്ചിട്ട് തന്നെയാണ്.

എന്നെ അന്നും ഇന്നും ഞെട്ടിക്കുന്ന ഒരു ദിവസം അമേരിക്കൻ മലയാളി പള്ളികളിലെ ദുഃഖവെള്ളിയാഴ്ച ആണ്. ശബരിമലയുടെ അടിവാരത്തിലാണോ എന്ന് തോന്നിപ്പോകുന്ന വിധത്തിൽ ആകമാനം കറുപ്പിന്റെ ഒരു പ്രളയം. അച്ചന്മാർക്ക് ആ ദിവസം കറുത്ത കുപ്പായം ഇടാതെ പറ്റില്ലാന്നു വയ്ക്കാം. പക്ഷെ, യേശുവിനെ കുരിശിൽ തറച്ച ദിവസം മിക്ക അമേരിക്കൻ മലയാളി സ്ത്രീകളും ഉടുക്കുന്നതു കസവും, സ്വർണ ജെറിയും കുത്തി നിറച്ചിരിക്കുന്ന ഹെവി ബോർഡറുകളും, കസവ് വാരി വിതറിയ മുന്താണിയും ഉള്ള ബ്ലാക്ക് പാർട്ടി വെയർ സാരികൾ! അതിനു ചേരുന്ന ബ്ലാക്ക് മെറ്റലും, ഒനിഡാ ബ്ലാക്ക് സെറ്റും, മുട്ടോളം എത്തുന്ന, സ്വർണവും കറുപ്പും ചേരുന്ന വളകളും! കറുപ്പാണ് ദുഃഖം എന്ന് നമ്മൾ ധരിച്ചു വെച്ചിരിക്കുന്നത് പോലെ. അതിൽ സ്വർണ്ണ കസവ് കൂടെ ഉണ്ടെങ്കിൽ പിന്നെ നമ്മുടെ ദുഃഖത്തിന് ആഴവും കൂടും! സ്വന്തം അപ്പനോ അമ്മയോ മരിച്ച ശവമട

ക്കിനു, നമ്മൾ പെൺമക്കൾ, സർവ്വാഭരണവിഭൂഷിതകൾ ആയി പോകുന്ന ഒരു പാരമ്പര്യം എന്റെ അറിവിൽ ഇന്നും നമുക്കില്ല. അപ്പോൾ പിന്നെ, നമ്മുടെ ഏറ്റവും പ്രിയപ്പെട്ട യേശുവിനെ അടക്കാൻ പോകുമ്പോൾ നാം എന്തിനു കറുത്ത പട്ടിലും സ്വർണത്തിലും പൊതിഞ്ഞു പോകണം. ആണുങ്ങൾ ഇതിനു വിപരീതമായി ചിലരെങ്കിലും വെള്ളമുണ്ടും ഷർട്ടും ഉടുത്തു ലളിതമായി വരുന്നത് കാണാറുണ്ട്. നാട്ടിൽ ആരും ദുഃഖവെള്ളിയാഴ്ച കറുപ്പിലും, സ്വർണത്തിലും മുങ്ങി പള്ളികളിൽ പോകാറില്ല. മിക്കവാറും വെള്ളസാരിയോ, വളരെ നിറം കുറഞ്ഞ കോട്ടൺ സാരികളോ തന്നെയാണ് ഇന്നും ഉടുക്കുക. വളരെ ലളിതമായ ആഭരണങ്ങളും. നാം അവസരത്തിന് അനുസരിച്ച് വസ്ത്രധാരണം ശീലമാക്കുക. പാർട്ടികൾക്ക് പാർട്ടിവെയറുകൾ ധരിക്കുക...പള്ളിയിൽ പോകുമ്പോൾ ഒട്ടൊരു ലാളിത്യം തന്നെയാണ് ഉചിതം.

എന്ന് വെച്ച്, എല്ലാവരും ഞായറാഴ്ച രാവിലെ നേരമില്ലാ നേരത്ത്, കോട്ടൻ സാരി തേച്ചു നടുവൊടിക്കണം എന്ന് ഞാൻ പറയില്ല. പക്ഷെ, വർഷങ്ങൾക്കു മുൻപ്, നാം നാട്ടിലെ ഇടവകപ്പള്ളിയിൽ പോയിരുന്ന നമ്മുടെ കൗമാരത്തിന്റെയും യൗവനത്തിന്റെയും കാലത്തിലേക്ക് ഒന്നു സഞ്ചരിക്കൂ... എത്ര മനോഹരമായ ഒരു ദൃശ്യമാണത്. ഇന്നും നമ്മൾ നാട്ടിൽ നമ്മുടെ ഇടവക പള്ളികളിൽ പോകുമ്പോൾ, ചുറ്റിലും ഉള്ളവരെ ഒന്ന് ശ്രദ്ധിക്കൂ. അവരെല്ലാം തന്നെ, പള്ളിയിൽ വരുന്നത് എത്ര ലളിതമായാണ്...നാട്ടിൽ ഉള്ളവർക്ക് നമ്മളെക്കാൾ പണം ഉണ്ട് എന്ന് പരിഭവം പറയുന്നവർ ആണ് നമ്മിൽ ചിലരെങ്കിലും. പക്ഷെ അവർ കാശുണ്ടായാലും, നാട്ടിലെ നമ്മുടെ കൂടപ്പിറപ്പുകൾ ആരും നമ്മൾ ഇവിടെ ചെയ്യുന്നത് പോലെ, സാരിക്കടയുടെയും സ്വർണക്കടയുടെയും പരസ്യം പോലെ ആരാധനാലയങ്ങളിൽ പോകാറില്ലല്ലോ.

കഴിഞ്ഞ ഞായറാഴ്ച, പ്രസംഗത്തിനിടയിൽ, ക്ഷമയുടെ നെല്ലിപ്പലക, ഒടിഞ്ഞു നുറുങ്ങാറായപ്പോൾ ഒരു നിവൃത്തിയുമില്ലാതെ അച്ചൻ ഞങ്ങൾ ഇടവകക്കാരോട് ഒരു അഭ്യർഥന നടത്തി. “കരയുന്ന കൊച്ചുങ്ങൾ ഉള്ള മാതാപിതാക്കൾ, കുട്ടികൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള നേഴ്സറിയിൽ ഇരുന്നു കുർബാന കാണേണ്ടതാണ്.” ഇത് കേട്ട, ദേഷ്യം വന്ന ഒരു ചെറുപ്പക്കാരിയായ അമ്മ, പിറുപിറുത്തു...

“പിന്നെ, കഷ്ടപ്പെട്ടു, നാട്ടി പോയി...പതിനായിരോം, എണ്ണായിരോം രൂപേടെ സാരീം, അഞ്ചാറ് ലക്ഷം രൂപേടെ ഡയമണ്ട് സെറ്റും വാങ്ങിക്കൊണ്ട് വന്നെച്ചു, ഞാൻ കൊച്ചുമായി ആ പൊത്തിനാത്ത് കേറി ഇരിക്കാൻ പോവല്ലേ? അച്ചനു കൊച്ചുങ്ങടെ കരച്ചിൽ സഹിക്കാൻ മേലേൽ, അടുത്തയാഴ്ച തൊട്ടു, അച്ചൻ അതിനകത്തിരുന്നു കുർബാന ചൊല്ലിക്കോ...ഞങ്ങളിവിടെ തന്നെ ഇരിക്കും.” അവളുടെ

ശബ്ദം അൽപ്പം ഉറക്കയായതിനാൽ ഞാൻ കേട്ടു.

അവളുടെ ഭർത്താവ് എന്നെ ഒന്ന് നോക്കി. ഞാൻ അത് കേട്ടില്ല എന്ന് നടിച്ചിരുന്നു. അതങ്ങ്, പള്ളിയിൽ പോയി പറഞ്ഞാ മതിയെന്ന് പെങ്കൊച്ചു പറഞ്ഞില്ല. എങ്ങനെ പറയും? പള്ളിയിൽ പറഞ്ഞാൽ ആര് കേൾക്കും? നമ്മളിൽ ചിലരെങ്കിലും നമ്മുടെ, സകല അരിശവും ദേഷ്യവും തീർക്കാനും, അച്ചന്റെ കൊങ്ങക്കും കയ്ക്കാരന്റെ കുത്തിനും പിടിക്കാനും ആഴ്ചയിൽ ആഴ്ചയിൽ വന്നു, പൊങ്ങച്ചം പറയാനും, വേഷം കെട്ടാനും ഉള്ള ഒരു വേദിയാക്കി നമ്മുടെ പള്ളി കളെ മാറ്റിയിരിക്കുന്നു. അവരെ നിലക്ക് നിർത്താൻ ആഗ്രഹം ഉണ്ടെ ങ്കിലും ഇതിനൊന്നും എതിരെ പ്രതികരിക്കാനോ, ശബ്ദം ഉയർ ത്താനോ കഴിയാത്ത നിസഹായരായ കുറെ പുരോഹിതന്മാരും. എന്തെങ്കിലും പറഞ്ഞു പോയാൽ നമ്മുടെ ആണുങ്ങൾ അച്ചനു നേരെ ഇങ്കുലാബ് വിളിക്കും. അച്ചന്റെ വിസ കളയിക്കും എന്ന് ഭീഷണിപ്പെ ടുത്തും. അല്ലെങ്കിൽ തിരുമേനിക്ക് പരാതി കൊടുക്കും. അച്ചന്മാർക്കും ഇത് വയറ്റിപ്പിഴപ്പല്ലേ, വല്ല കൊള്ളിയും ആയി പോട്ടെ എന്ന് അവരും വിചാരിക്കും. ഒന്നുമല്ലേൽ അമേരിക്ക ആയിട്ടും പെണ്ണുങ്ങൾ തുണി ഉടുത്തോണ്ട് വരുന്നുണ്ടല്ലോ എന്ന് ഓർത്ത് സമാധാനിക്കും. നമ്മുടെ ചില കൗമാരക്കാരായ പെൺകുട്ടികളെങ്കിലും കഴിയുമെങ്കിൽ എത്രയും കുറച്ചു തുണി ഉടുത്തുവരാൻ ശ്രദ്ധിക്കാറുണ്ട് എന്നത് ഒരു യാഥാർഥ്യം മാത്രം. അവളോട് "ഇനി മേലാൽ അതിട്ടോണ്ട് പള്ളി യിൽ പോകേണ്ട" എന്ന് പറയാൻ ഉള്ള ധൈര്യം മാതാപിതാക്കൾക്കും ഇല്ല. പറഞ്ഞാൽ പെണ്ണിനി പള്ളിയിൽ വരാതിരുന്നാലോ എന്നാണ് അമ്മമാരുടെ പേടി. ആര് ആരോട് പറയാൻ?

അമേരിക്കയിലെ, എന്റെ സഹോദരിമാരോട് എനിക്ക് ഒരു അഭ്യർഥ നയേ ഉള്ളൂ. സന്ദർഭത്തിന് അനുസരിച്ച്, നമുക്കൊരുങ്ങാം. പള്ളി യിൽ തന്നെ, എത്രയോ പ്രത്യേക ദിവസങ്ങൾ നമുക്കുണ്ട്...ക്രിസ്തു മസ്സിനും, പള്ളിപ്പെരുന്നാളിനും, ഈസ്റ്ററിനും എല്ലാം നമുക്ക് കുറച്ചു മോഡി ആവാം, പക്ഷെ, സാധാരണ ഞായറാഴ്ചകളിൽ നമുക്ക് എന്തി നിത്ര വില കൂടിയ, കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളും ആഭരണങ്ങളും, "പള്ളിയിൽ ഉടുക്കാനായി സാധാരണ സാരികൾ വാങ്ങിയാൽ, നാട്ടിൽ നമ്മൾ സാരിക്കടയിൽ കൊടുക്കുന്ന കനത്ത തുകകളും ലാഭിക്കാം. തീർച്ചയായും നാം സ്ത്രീകൾ മേയ്ക്കപ്പ് ഇടുകയും അണിഞ്ഞു ഒരു ങ്ങകയും വേണം. പക്ഷെ, എല്ലാം അവസരോചിതം ആവണം എന്നു മാത്രം!